"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ചാലക്കുടി നഗരസഭ - പുത്തൻകുളം പ്രോജക്റ്റിലെ അഴിമതിയുമായി ബന്ധപ്പെട്ട് ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂരിന്റെ 24.09.24-ലെ CC 34/2010 (VC 07/2009/TSR) വിധിന്യായം - മുൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. എം.കെ. സുഭാഷ് (PEN:672182) - നെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18(a), 18(aa) പ്രകാരം സസ്പെൻഷൻ തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം (Removal) ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (EWA) വകുപ്പ്**

സ.ഉ.(കൈ) നം.95/2026/LSGD തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:-
1. ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ-ന്റെ 24.09.2024-ലെ CC.34/2010 നമ്പർ വിധിന്യായം.
2. ബഹു. ഹൈക്കോടതിയുടെ Criminal Appeal No.2018 of 2024-ലെ Criminal Miscellaneous Application No.1 of 2024-ലെ 23.10.2024-ലെ ഉത്തരവ്.
3. 10-01-2025-ലെ GO(Rt) No.111/2025/LSGD
4. 28-01-2025-ലെ EWA3/219/2024/LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എം.കെ. സുഭാഷ് സമർപ്പിച്ച 27.02.2025-ലെ മറുപടി.
6. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29-07-2025-ലെ LSGD/PD/68461/2023-VIGC5 നമ്പർ അഭിപ്രായ റിപ്പോർട്ട്.
7. സർ ക്കാർ , കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയ്ക്കയച്ച 27-02-2026-ലെ EWA3/ 219/2024-LSGD നമ്പർ കത്ത്.
8. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 27.04.26-ലെ A1-3/13/2026-KPSC നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ചാലക്കുടി മുൻസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന പുത്തൻകുളം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ രജിസ്റ്റർ ചെയ്ത VC 07/2009/TSR (CC 34/2010) നമ്പർ വിജിലൻസ് കേസിൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി, തൃശ്ശൂർ, പരാമർശം 1-ലെ വിധിന്യായ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശിവകുമാർ A.E.E. (A1) (31.7.2018-ൽ സർവീസിൽ നിന്നും വിരമിച്ചു), ശ്രീ.M.K.സുഭാഷ് (PEN:672182) A.E. (A2), Accused 4 ആയ K.I. Chandran (Contractor), S/o Koran K.I, Kattuparambil, Koodappuzha, Chalakudy എന്നിവരെ കുററക്കാരെന്നു കാണുകയും 1988-ലെ അഴിമതി നിരോധന നിയമത്തിലെ Sec 13(1)(d) r/w 13(2), Secs.409,468,477A,120B and 34 I.P.C. എന്നിവയിൽ 4 പ്രാവശ്യം രണ്ടു വർഷത്തെ കഠിനതടവും 25,000/- രൂപ വീതം പിഴയും വിധിച്ചു. തടവു ശിക്ഷ ഒരുമിച്ചനുഭവിച്ചാൽ മതിയെന്നും വിധിയ്ക്കുകയുണ്ടായി. പ്രസ്തുത കോടതി വിധിയുടെ വിവിധ ഖണ്ഡികകളിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു:

*......After due process of law in the Court, it was established in the court that A1 and A2 committed offences viz giving payment to A4 for inflated area than the area where he executed the work and excess quantity of materials than used,* ***M-book was falsified by A2 entering inflated reading and A1 check measured the same*** *, confirming the amount of A4 thus causing loss to public exchequer, falsified m-book thus* ***<u>committing forgery</u>*** *, criminal misconduct u/s 13(1)(d) r/w 13(2) of the PC Act in reaching* ***<u>previous agreement</u>*** *and falsifying m-book and facilitating A4 to get exorbitant amount than the work executed by him causing loss of* *<u>Rs.1,32,146/- to public exchequer</u>, they did not discharge the trust to be discharged by them as public servants thereby committing <u>breach of trust,conspiring among A1,A2 and A4</u> in falsifying account, committing forgery, criminal misappropriation and criminal misconduct etc. <u>A1, A2 and A4 are found guilty for the commission of offences u/s.13(1)(d) r/w 13(2) of the Prevention of Corruption Act, 1988 and Secs. 409,468, 477A, 120-B and 34 of I.P.C. and they are convicted herewith u/s.248(2) of Cr.P.C....</u>*

Hence A1 and A2, A4 are sentenced for 2 years' imprisonment and Rs.25,000/- fine 4 times under respective sections and substantive sentences run concurrently (2 years plus 1 Lakh fine).

*....A3 was found not guilty of all the offences alleged and was acquitted...*
*.*

2. തുടർന്ന് പ്രസ്തുത വിധിന്യായത്തിലെ രണ്ടാം കുറ്റക്കാരനായ (Accused A2) ശ്രീ. സുഭാഷ് എം.കെ. ബഹു.ഹൈക്കോടതി മുമ്പാകെ Criminal Appeal No.2018 of 2024 ഫയൽ ചെയ്യുകയും ആയതിലെ Criminal Miscellaneous Application No.1 of 2024 പരിഗണിച്ച് ടിയാന്റെ തടവുശിക്ഷ (sentence) പരാമർശം 2 ഉത്തരവിൻ പ്രകാരം നിബന്ധനകളോടെ suspend ചെയ്ത് ബഹു. ഹൈക്കോടതി ജാമ്യമനുവദിയ്ക്കുകയും ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ-ന്റെ ശിക്ഷാവിധി (conviction) നിലനിർത്തുകയും ചെയ്തു.

3. ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിന് ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും തടവോ പിഴയോ രണ്ടും കൂടിയോ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആകയാൽ, ചാലക്കുടി നഗരസഭയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായി ജോലി ചെയ്തിരുന്ന, **ശ്രീ.എം.കെ.സുഭാഷ് (പെൻ-672182, വിരമിയ്ക്കൽ തീയതി-30.04.2026)**-നെതിരെ മേൽ ചട്ടപ്രകാരം സത്വരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി, ഉടൻ പ്രാബല്യത്തിൽ (10.01.2025) വരത്തക്കവിധം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന്, മേൽ അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീ.എം.കെ.സുഭാഷ്-നെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി താൽക്കാലികമായി തീരുമാനിക്കുകയും ആയത് ടിയാനെ അറിയിച്ചു പരാമർശം 4 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

4. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എം.കെ.സുഭാഷ് ലഭ്യമാക്കിയ പരാമർശം 5 പ്രകാരമുള്ള മറുപടിയിൽ, പ്രസ്തുത കാലയളവിൽ ചാലക്കുടി നഗരസഭയുടെ അസിസ്റ്റൻറ് എഞ്ചിനിയറെന്ന ചുമതലവഹിച്ച് മേൽപ്പറഞ്ഞ പ്രോജക്ടിന്റെ നിർമ്മാണജോലികളുടെ അളവുകളും ചെലവുകളും റിപ്പോർട്ട് ചെയ്യുകയാണ് ടിയാൻ ചെയ്തിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പുത്തൻകുളം പ്രോജക്ട് എന്ന പദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേടുണ്ടായിയെന്നത് കെട്ടിച്ചമച്ച ആരോപണമാണെന്നും പ്രോജക്ടിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 98% ശതമാനം ജോലികൾ പൂർത്തികരിച്ചുവെന്നും കുളത്തിന്റെ സമീപത്തുള്ള വസ്തുക്കളുടെ ഉടമയെന്ന് അവകാശപ്പെടുന്ന ഒരു വ്യക്തി ചാലക്കുടി മുനിസിഫ് കോടതിയിൽ

O.S.103/2008-നമ്പർ കേസ് ഫയൽ ചെയ്തതിൽ കോടതി താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചതിനാൽ കുളത്തിന്റെ ഒരു ഭാഗത്തെ കരിങ്കൽ ഭിത്തി പൂർത്തിയാക്കാനായില്ല എന്നും കുളത്തിന്റെ സമീപസ്ഥലവും കുളത്തിന്റെ ആയക്കെട്ട് പരിധിയിൽ വരുന്നതുമായ കോളനിയിൽ നിന്നുള്ള മലിനജലം അമിതജലപ്രവാഹമായി കുളത്തിലേക്ക് വരാതെ തടയാൻ കഴിയുന്നവിധം അക്കാലത്തെ വാർഡ് കൗൺസിലറുടെയും ചെയർമാന്റെയും നിർദ്ദേശാനുസരണം എഗ്രിമെന്റ് അളവിൽ അധികരിയ്ക്കാതെ കരിങ്കൽ ഭിത്തി കെട്ടി ആ വിവരം M. ബുക്കിൽ രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ടി പ്രോജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനയുടെയും ശിപാർശയുടേയും അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നല്കുവാൻ ടിയാൻ ശിപാർശ ചെയ്തതെന്നും സർക്കാരിന് നഷ്ടം വരുത്തിയിട്ടില്ലായെന്നും O.S.103/2008 നമ്പർ കേസ് ഫയൽ ചെയ്തതിനുപിന്നിൽ നല്ല ഉദ്ദേശ്യമല്ലായിരുന്നുവെന്നും നിർമ്മാണത്തിന്റെ അളവും ബലവും, ദൃഢതയും വിജിലൻസ് പരിശോധിച്ചത് ശാസ്ത്രീയവും, സാങ്കേതികവുമായ യാതൊരു രീതിയും ഉപയോഗിക്കാതെയാണെന്നും അപ്പീലിൽ ശിക്ഷാവിധി set aside ചെയ്യുമെന്ന് വിശ്വസിയ്ക്കുന്നുവെന്നും കൂടുതൽ കാര്യങ്ങൾ നേരിൽ ബോധിപ്പിയ്ക്കുവാനുണ്ടെന്നും ടിയാൻ അറിയിച്ചിരുന്നു.

5. പ്രസ്തുത മറുപടിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 6 പ്രകാരം സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ, കുററക്കാരന്റെ മേൽപ്പറഞ്ഞ മറുപടി അംഗീകരിയ്ക്കാവുന്നതല്ലെന്നും കോടതി വിധിയെ കുററക്കാരനായ ഉദ്യോഗസ്ഥൻ വിമർശിയ്ക്കുന്നത് ആശാസ്യമായി കാണുന്നില്ലായെന്നും വിജിലൻസ് ഉദ്യോഗസ്ഥരുടെ അന്വേഷണം ശാസ്ത്രീയമല്ലാത്തതും കേവലം നിഗമനങ്ങൾ മാത്രം അടിസ്ഥാനമാക്കിയുള്ളതുമാണെന്ന ടിയാന്റെ വാദം ബഹു.കോടതിയെ വിചാരണസമയത്ത് ബോധ്യപ്പെടുത്താൻ ടിയാന് സാധിച്ചിട്ടില്ല എന്നും പ്രവൃത്തിയുടെ ഫയലും ബന്ധപ്പെട്ട രേഖകളും അന്വേഷണത്തിനായി തൃശ്ശൂർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും തുടർന്ന് ടി രേഖകൾ വിജിലൻസ് കോടതിയ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തു. കൂടാതെ കോടതി വിധിയനുസരിച്ച് ടിയാളെ സർവീസിൽ നിന്ന് നീക്കം ചെയ്യാനുള്ള നടപടി സർക്കാരിൽ സ്വീകരിയ്ക്കാവുന്നതാണെന്ന് ശിപാർശയും ചെയ്തു.

6. നടപടിക്രമങ്ങളുടെ ഭാഗമായി 19.09.2025-ൽ, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ കാര്യാലയത്തിലെ ബന്ധപ്പെട്ട ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ വകുപ്പിലെ അണ്ടർ സെക്രട്ടറി കുറ്റാരോപിതനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ കുറ്റാരോപിതൻ മുൻവാദങ്ങൾ ആവർത്തിച്ചു.

7. ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂരിന്റെ 24.09.2024-ലെ വിധിന്യായം, ബഹു.ഹൈക്കോടതിയുടെ Criminal Appeal No.2018 of 2024-ലെ Criminal Miscellaneous Application No.1 of 2024-ലെ 23.10.2024-ലെ ഉത്തരവ്, കാരണം കാണിക്കൽ നോട്ടീസിന് കുററക്കാരൻ സമർപ്പിച്ച മറുപടി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട്, ഹിയറിംഗ് വേളയിലെ വാദഗതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എം.കെ.സുഭാഷ് കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച മറുപടി തൃപ്തികരമല്ല. ഭരണഘടനാപരമായ ചുമതലകൾ വഹിക്കുന്ന സ്ഥാപനങ്ങളെ വിമർശിക്കുന്നതല്ലാതെ യുക്തിസഹമായ വാദങ്ങൾ ഉന്നയിക്കാൻ ആയതിൽ ടിയാന് കഴിഞ്ഞിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ടുള്ള ടിയാളുടെ വാദങ്ങൾ വിചാരണസമയത്ത് ബഹു.കോടതിയെ ബോധ്യപ്പെടുത്താനും ടിയാന് സാധിച്ചിട്ടില്ല. ആയതിനാൽ 2007-2008 കാലയളവിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ശ്രീ.എം.കെ.സുഭാഷിന്റെ ചുമതലയിൽ നടപ്പാക്കിയ പുത്തൻകുളം പുനരുദ്ധാരണ പ്രോജക്ടിലെ ക്രമക്കേടിൽ വിജിലൻസ് ക്രിമിനൽ കുറ്റം ചുമത്തുകയും, ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ, അഴിമതി നിരോധന നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 2 വർഷത്തെ കഠിനതടവും പിഴയും ശിക്ഷ വിധിക്കുകയും പ്രസ്തുത വിധിയ്ക്കെതിരെ ശ്രീ.എം.കെ.സുഭാഷ് ഫയൽ ചെയ്ത അപ്പീലിൽ ഹൈക്കോടതിയുടെ ഉത്തരവിൽ പ്രസ്തുത ശിക്ഷാവിധി നിലനിർത്തിയിട്ടുള്ളതിനാലും 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയിലെ മുൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.എം.കെ. സുഭാഷ് (PEN-672182)-നെ സർവ്വീസിൽ നിന്നും നീക്കം (Removal) ചെയ്യുന്നതിന് കൈക്കൊണ്ട താത്ക്കാലിക തീരുമാനം സംബന്ധിച്ച് സർ ക്കാർ പരാമർശം 7 പ്രകാരം ബഹു. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി.

8. ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ, പരാമർശം 8 പ്രകാരം സർക്കാരിന്റെ തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തു.

9. പൊതുപണത്തിന്റെ സംരക്ഷണവും പൊതു താൽപര്യത്തിന്റെ ഉറപ്പുവരുത്തലും സർക്കാരിന്റെ അടിസ്ഥാന ഉത്തരവാദിത്വമാണ്. പൊതുപണത്തിന്റെ ദുരുപയോഗം സർക്കാർ പദ്ധതികളുടെ കാര്യക്ഷമമായ നടപ്പാക്കലിനെയും പൊതുജന വിശ്വാസത്തെയും ഗൗരവമായി ബാധിക്കുന്നതാണ് എന്ന് സർക്കാർ വിലയിരുത്തുന്നു. സാമ്പത്തിക കാര്യങ്ങൾ വളരെ ഗൗരവതരമായി കണക്കിലെടുക്കേണ്ട ചുമതലകൾ വഹിച്ചിരുന്നതും വളരെയധികം

ഉത്തരവാദിത്വമുള്ളതുമായ ചാലക്കുടി മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ എന്ന തസ്തികയിൽ സേവനമനുഷ്ഠിക്കവേ 2007-2008 കാലയളവിൽ അവിടെ നടപ്പാക്കിയ പുത്തൻകുളം പുനരുദ്ധാരണ പ്രോജക്ട് എന്ന പ്രവൃത്തിയിൽ ഗുരുതര സാമ്പത്തിക ക്രമക്കേടുകളും അഴിമതി പ്രവർത്തനങ്ങളും നടത്തിയതായി ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ കോടതി കണ്ടെത്തി അഴിമതി നിരോധന നിയമ പ്രകാരം ശിക്ഷിച്ചിട്ടുള്ളതിനാലും പ്രസ്തുത വിധിയ്ക്കെതിരെയുള്ള അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത ശിക്ഷാവിധി നിലനിൽക്കുന്നതിനാലും ടി ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് നീക്കം ചെയ്യേണ്ടത് സർവ്വീസ് ചട്ടങ്ങൾ പ്രകാരവും പൊതുതാൽപര്യത്തിനും സർക്കാരിന്റെ സാമ്പത്തിക സുരക്ഷയ്ക്കും ആവശ്യമാണെന്ന് സർക്കാർ നിരീക്ഷിക്കുന്നു. സർക്കാർ സർവീസിലെ അച്ചടക്കവും ഉത്തരവാദിത്വബോധവും നിലനിർത്തുന്നതിനും പൊതുപണം ദുരുപയോഗം ചെയ്യുന്ന പ്രവണതയ്ക്ക് തടയിടുന്നതിനും ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനും പൊതുജനങ്ങളുടെ വിശ്വാസം സംരക്ഷിക്കുന്നതിനും കോടതി കുററക്കാരെന്നു കണ്ട് ശിക്ഷിയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിയ്ക്കേണ്ട അച്ചടക്ക നടപടി സംബന്ധിച്ച ചട്ടത്തിലെ (1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) **ചട്ടങ്ങൾ**) വ്യവസ്ഥകൾ പ്രകാരം ടി ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് നീക്കം ചെയ്യേണ്ടതുണ്ട്. ആയതിനാൽ **ചാലക്കുടി മുനിസിപ്പാലിറ്റിയിലെ മുൻ അസിസ്റ്റന്റ് എഞ്ചിനിയറും നിലവിൽ സസ്പെൻഷനിൽ തുടരുന്ന ഉദ്യോഗസ്ഥനുമായ ശ്രീ.എം.കെ. സുഭാഷ് (PEN:672182)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 18(a), 18(aa) പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയുടെ ഭാഗമായി സസ്പെൻഷൻ തീയതിയായ 10.01.2025 പ്രാബല്യത്തിൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം (Removal) ചെയ്ത് ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ.എം.കെ. സുഭാഷ് (PEN:672182), അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ(സസ്പെന്ഷനിൽ), ചാലക്കുടി നഗരസഭ, തൃശ്ശൂർ
   [5/324, Mannassery House, Koratty, Govt Poly Technic Road, Thrissur-680308]
   (മുൻ അസിസ്റ്റന്റ് എഞ്ചിനിയർ,ചാലക്കുടി നഗരസഭ) **(തദ്ദേശ സ്വയംഭരണ**

**വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവു പ്രകാരമുള്ള അടിയന്തര നടപടിയ്ക്കായി)**
3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
4. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ(with C/L)
5. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (with C/L)
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
8. വിജിലൻസ്(F) വകുപ്പ്(Vig F1/234/2024/VIG 28.2.2025)
9. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
10. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്**(അനന്തര നടപടിയ്ക്കായി)**
11. തദ്ദേശ സ്വയംഭരണ (DB) വകുപ്പ്(അറിവിലേയ്ക്കായി)
12. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
13. സ്റ്റോക്ക് ഫയൽ (EWA3/219/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 29-04-2026 17:08:11

സെക്ഷൻ ഓഫീസർ